കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - നഗരകാര്യ വകുപ്പ് - ശ്രീമതി.മഞ്ജു.ആർ, ശ്രീ.എസ്.മോഹനചന്ദ്രൻനായർ, ശ്രീമതി.എ.ഗീതാകുമാരി എന്നിവരുടെ സസ്പെൻഷൻ കാലം ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം.2706/2013/തസ്വഭവ. തീയതി, തിരുവനന്തപുരം, 04/11/2013

പരാമർശം :
1. 13/05/2010 ലെ സ.ഉ(സാധാ)നം.1589/10/തസ്വഭവ നമ്പർ ഉത്തരവ്
2. 29/10/2012 ലെ സ.ഉ(സാധാ)നം.2954/12/തസ്വഭവ നമ്പർ ഉത്തരവ്
3. നഗരകാര്യ ഡയറക്ടറുടെ 20/3/2013, 21/6/2013, 4/7/2013, 14/8/2013 എന്നീ തീയതികളിലെ വി1.8096/10 നമ്പർ കത്തുകൾ

ഉത്തരവ്

തിരുവനന്തപുരം നഗരസഭയിൽ വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ 16/10/2009 ൽ നടത്തിയ മിന്നൽ പരിശോധനയുടെ അടിസ്ഥാനത്തിൽ പരാമർശം (1) പ്രകാരം ശ്രീമതി.മഞ്ജു.ആർ, ശ്രീ.എസ്.മോഹനചന്ദ്രൻനായർ, ശ്രീമതി.എ.ഗീതാകുമാരി എന്നിവരെ സസ്പെന്റ് ചെയ്യുകയും ഇവർക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കുകയും ചെയ്തിരുന്നു. പരാമർശം (2)ലെ ഉത്തരവ് പ്രകാരം ടിയാന്മാർക്കെതിരെയുള്ള അച്ചടക്കനടപടി 'സെൻഷ്വർ ചെയ്ത് ' തീർപ്പാക്കിയിരുന്നു. ടിയാന്മാരുടെ സസ്പെൻഷൻ കാലം ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് പരാമർശം (3)പ്രകാരം നഗരകാര്യ ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി.മഞ്ജു.ആർ, ശ്രീ.എസ്.മോഹനചന്ദ്രൻനായർ, ശ്രീമതി.എ.ഗീതാകുമാരി എന്നിവരുടെമേലുള്ള അച്ചടക്കനടപടി ടിയാന്മാരെ പൂർണ്ണമായി കുറ്റവിമുക്തമാക്കിയിട്ടില്ലാതെ തീർപ്പാക്കിയ സാഹചര്യത്തിൽ ടിയാന്മാരുടെ സസ്പെൻഷൻ കാലം ഡ്യൂട്ടിയായി പരിഗണിച്ചും

സസ്പെൻഷൻ കാലത്തെ ശമ്പളം സബ്സ്റ്റിറ്റൻസ് അലവൻസിൽ നിജപ്പെടുത്തിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

പി.റംലത്ത്
അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
ശ്രീമതി.മഞ്ജു.ആർ, യു.ഡി.സി കളമശ്ശേരി നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)
ശ്രീ.എസ്.മോഹനചന്ദ്രൻനായർ, എൽ.ഡി.സി, കൊല്ലം നഗരസഭ
(നഗരകാര്യ ഡയറക്ടർ മുഖേന)
ശ്രീമതി.എ.ഗീതാകുമാരി, എൽ.ഡി.സി, റവന്യൂ സെക്ഷൻ,
നെയ്യാറ്റിൻകര, നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ര/*05/11/2013